# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 683 28.09.2011-ൽ മറുപടിയ്ക്ക്

## ശസ്ത്രക്രിയക്കിടയിൽ ചെവിയിൽ പഞ്ഞിക്കെട്ട് കടക്കാനിടയായ സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ: | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയക്കിടയിൽ ചെവിയിൽ പഞ്ഞിക്കെട്ട് കടന്നതിനെത്തുടർന്ന് വീട്ടമ്മ ദുരിതത്തിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | (ബി) ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. പരാതിയിന്മേൽ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ നടത്തിയ അന്വേഷണത്തിൽ ഇന്ദിര എന്ന യുവതിയെ 18.06.2011-ന് കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇ.എൻ.ടി. വിഭാഗത്തിൽ വച്ച് ചെവിയുടെ പാടമാറ്റിവയ്ക്കൽ ശസ്ത്രക്രിയയക്ക് വിധേയയാക്കിയിട്ടുണ്ട് എന്നറിവായിട്ടുണ്ട്. എല്ല് തുരന്നുള്ള ശസ്ത്രക്രിയയ്ക്കു മാത്രമേ പഞ്ഞി ഉപയോഗിക്കാറുള്ളൂ. മദ്ധ്യകർണ്ണത്തിനകത്ത് പഞ്ഞി ഉപയോഗിക്കാറില്ല. സ്വയം അലിഞ്ഞു പോകുന്ന ജെൽഫോം മാത്രമാണ് ഉപയോഗിക്കുന്നത്. ശസ്ത്രക്രിയയ്ക്കുശേഷം തുന്നൽ എടുക്കാൻ വരുന്നതുവരെയും യുവതിക്ക് മുഖത്ത് കോടലോ തലകറക്കമോ കാഴ്ചക്കുറവോ ഉണ്ടായിരുന്നില്ല. അതിനാൽ മേൽപ്പറഞ്ഞ യുവതിയുടെ ചികിത്സയിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ ഭാഗത്തുനിന്നും പിഴവോ അനാസ്ഥയോ സംഭവിച്ചിട്ടില്ല. |
| (സി) പ്രസ്തുത സംഭവത്തിനുത്തരവാദിയായ ഡോക്ടർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(ഡി) രോഗിക്ക് നഷ്ട പരിഹാരം നൽകാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) & (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ